# ആത്മഹത്യയുടെ മനഃശാസ്ത്രം രാജലക്ഷ്മിയുടെ കഥകളിൽ

**ഡോ. അമ്പിളി എം.വി.**
അധ്യാപിക,
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email: ambilyvijayan7@gmail.com

**സംഗ്രഹം**

ആധുനികമനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ് മാനസിക സമ്മർദ്ദം. ഇതിനെത്തുടർന്നുണ്ടാകുന്ന അമിത ഉത്കണ്ഠ, ഭീതി എന്നിവ വിഷാദരോഗത്തിലേക്ക് നയിക്കുകയും ഇതിന്റെ മൂർദ്ധന്യാവസ്ഥയിൽ ആത്മ ഹത്യയിലൂടെ ഒരു ശാശ്വതപരിഹാരം തേടുകയും ചെയ്യുന്നു. അതായത് ബോധപൂർവ്വമായ ഒരു സ്വയംനശീകരണ ചിന്തയുടെ പൂർത്തീകരണമാണ് ആത്മഹത്യ. അതുകൊണ്ടുതന്നെ ആത്മഹത്യ മാനസികാവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ജീവിത പ്രശ്നങ്ങളുടെ പരിഹാരം എന്നനിലയിൽ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നവരാണ് അധികവും. ജീവിതത്തിന്റെ ഉപരിതലകാഴ്ചകളിൽനിന്നും ഉൾവലിയുന്നവർ മനസ്സിന്റെ ആന്തരികതയുടെ ആഴങ്ങളിലെ ഏകാന്തതയിലും ഒറ്റപ്പെടലുകളിലും അഭിരമിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറുന്നതോടെ രൂപപ്പെടുന്ന ഏകാന്തതയും അല ച്ചിലിനുമൊടുവിൽ ആത്മനാശത്തിനുള്ള പ്രവണത രൂപപ്പെട്ടുവരുന്നു. അനിയന്ത്രിതമായ ചിന്തയുടെ മാസ്മരികതയിൽ ഈ ലോകത്തിനപ്പുറത്തെ സുന്ദരമായ വിചാരലോകങ്ങ ളിലൂടെ മനസ്സ് സഞ്ചരിക്കുന്നു. ചിലത് കുറിച്ചുവെക്കുന്നു ചിലത് ചിന്തകളായിതന്നെ ശൂന്യതയിൽ വിലയംപ്രാപിക്കുന്നു. ഇത്തരത്തിൽ ചിന്തകളുടെ ശക്തമായ പ്രവാഹമായ സാഹിത്യരചന ഒരു സർഗാത്മകവൃത്തി എന്നതിലുപരി ജീവിതത്തിന്റെ പകർത്തി എഴുത്തുകളാകുമ്പോൾ കൃതിയിൽ കർത്താവിന്റെ ആത്മവും ഇഴചേർന്നുനിൽക്കും. ഈ ലോകത്തിനപ്പുറത്തെ സുന്ദരമായ ഒരു ലോകത്തെ അന്വേഷിക്കാൻ വെമ്പുന്ന ഈ ചി ന്തകൾ തന്നെയാണ് ഈ ലോകം തനിക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന ബോധ്യത്തെ ഉണർത്തുന്നതും മറ്റൊരു ലോകാന്വേഷണത്തിലേക്ക് വഴിതിരിച്ചുവിടുന്നതും. ഇത്തരം മാനസികാവസ്ഥകളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളെ രാജലക്ഷ്മിയുടെ കഥാ പ്രപഞ്ചത്തിൽ കാണാൻകഴിയും. ആത്മഹത്യ, മാപ്പ് എന്നീ കഥകളെ മുൻനിർത്തി ആത്മഹത്യയുടെ മനഃശാസ്ത്രത്തെക്കുറിച്ച് അന്വേഷിക്കുകയാണ് ഈ പഠനം

**താക്കോൽ വാക്കുകൾ:** ആത്മഹത്യ, വിഷാദം, മനസ്സ്, കുടുംബം, സമൂഹം

 ISSN: 2582 - 2594

**ആത്മഹത്യ- ഒരു പ്രതിരോധതലം**

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്റെ സർഗ്ഗാത്മകതയെ സാഹിത്യത്തിൽ അടയാളപ്പെടുത്തിയ എഴുത്തുകാരിയാണ് രാജലക്ഷ്മി. മലയാളസാഹിത്യത്തിലെ ഒരു പരിവർത്തനഘട്ടത്തെയാണ് അവർ പ്രതിനിധാനം ചെയ്യുന്നത്. ജീവിതയാഥാർത്ഥ്യങ്ങളോട് സമരസപ്പെടാൻ വിമുഖതകാണിച്ച രാജലക്ഷ്മി ഒരു രക്ഷാമാർഗ്ഗം എന്നനിലയിലാണ് ആത്മഹത്യയെ കണ്ടത്. മധ്യവർഗ്ഗത്തോടും അത് പുലർത്തിപ്പോരുന്ന നീതിശാസ്ത്രത്തോടുമുള്ള നിരന്തര കലഹത്തിനൊടുവിലാണ് രാജലക്ഷ്മി ആത്മഹത്യചെയ്യുന്നത്. “മൃത്യോ, അങ്ങയിൽ ഞാൻ ജീവിക്കാൻ തുടങ്ങിയിരുന്നുവെങ്കിൽ” - ‘കുമിള’ എന്ന കവിതയിലെ ഈ വരികളിൽ രാജലക്ഷ്മിയുടെ മരണാഭിമുഖ്യം വ്യക്തമാണ്. ജീവിതത്തിന്റെ അന്യവൽക്കരണങ്ങളിൽനിന്നുമുള്ള മോചനമായിരുന്നു അവർക്ക് ആത്മഹത്യ..

നിഷേധങ്ങൾ, അത് സാമൂഹികമോ കുടുംബപരമോ ഏതുവിധത്തിലുള്ളതായാലും ഒരു വ്യക്തിയുടെ ജീവിതാവസ്ഥയെ സങ്കീർണ്ണമാക്കുമ്പോൾ ജീവിതത്തിന്റെ മുന്നോട്ടുള്ള സഞ്ചാരം ഒരു സ്വയംപീഡയുടെതാകുന്നു. ആൾക്കൂട്ടത്തിലും ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയുണ്ടാകുന്നു. ഈ ലോകം തനിക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന തിരിച്ചറിവിൽനിന്നുള്ള ഒരു രക്ഷപ്പെടലെന്ന ചിന്ത മനസ്സിൽ ഉണരാൻ തുടങ്ങും. അത് മൃത്യുബോധമായി പരിണമിക്കുന്നു. മൂല്യമില്ലാത്ത ലോകത്ത് ഒരു ബാധ്യതയായിത്തീരുന്നു എന്ന ദാർശനികബോധം മനസ്സിനെ കീഴ്പ്പെടുത്തുന്നതോടെയാണ് ഒരു വ്യക്തി ആത്മഹത്യയിൽ അഭയംപ്രാപിക്കുന്നത്. മരണം ഒരു സൗന്ദര്യതലത്തെ ഉള്ളിലുണർത്താൻ തുടങ്ങുമ്പോൾ അതൊരു പരിഹാരം എന്നനിലയിൽ വിലയിരുത്തുന്ന മാനസികാവസ്ഥ സംജാതമാകുന്നു. ആഴമേറിയ വിഷാദാത്മകത, സ്വയംനിന്ദ എന്നിവ വ്യക്തിയെ മാനസികമായി തകർത്തെറിയുന്ന ജീവിതാവസ്ഥയാണ്. ഉൾവലിയലിന്റെ അവസാനത്തിൽ ആത്മഹത്യയിൽ ജീവിതത്തിന്റെ പരിപൂർണ്ണത കണ്ടെത്തുന്നു. ജീവിതം ജീവിച്ചുതീർക്കാൻ പ്രതിബന്ധങ്ങൾ ഏറെ തരണംചെയ്യേണ്ടിവരുന്നുണ്ട്. ജീവിതപരിസരങ്ങളോടുള്ള വിമുഖത ജീവിതത്തോടുള്ള വിമുഖതയിലേക്ക് പരിവർത്തനം ചെയ്യുന്നതോടെ ഈ ലോകത്തുനിന്നു തന്നെ നിഷ്ക്രമിക്കുന്നതിലേക്ക് നയിക്കുന്നു. തിരിച്ചറിവുകളാണ് മനുഷ്യനെ ആത്യന്തികമായി നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുന്നത്.

**ആത്മഹത്യ**

“ആത്മഹത്യ ഭീരുത്വത്തിന്റെ ലക്ഷണമാണ്” എന്ന് തുടങ്ങുന്ന കഥയിൽ “ഓടുന്ന തീവണ്ടിയുടെ മുമ്പിൽ തലവയ്ക്കുന്നത് ഭീരുത്വമാണത്രെ, ഭീരുത്വം” (രാജലക്ഷ്മി: 1998:19). ആത്മഹത്യ നിസ്സാരമാണെന്ന സാമൂഹിക കാഴ്ചപ്പാടിനെയാണ് കഥ ചോദ്യംചെയ്യുന്നത്. ജീവിക്കുന്നതിനേക്കാൾ ഇരട്ടിയോ അതിൽക്കൂടുതലോ ധൈര്യം ആത്മഹത്യ ചെയ്യുന്നവനുണ്ടാകണം. ആത്മഹത്യ ഭീരുവിന് പറഞ്ഞിട്ടുള്ളതല്ല, അത് ധീരത്വമാണ് എന്ന് കഥ പറയാതെ പറയുന്നുണ്ട്. മരണചോദനയെക്കുറിച്ചും ജീവചോദനയെക്കുറിച്ചുമുള്ള ഫ്രോയ്ഡിന്റെ നിരീക്ഷണമനുസരിച്ച് ഇത് ‘സൈക്കോസിസ്’ എന്ന മനോരോഗമാണ്. ഈ അവസ്ഥയിൽ അഹം എന്ന വ്യക്തിമനോഭാവവും ബാഹ്യലോകവും തമ്മിൽ നിരന്തര സംഘർഷത്തിൽ ഏർപ്പെടുന്നതായി ഫ്രോയിഡ് നിരീക്ഷിക്കുന്നുണ്ട്. ഇതിന്റെ മൂർദ്ധന്യാവസ്ഥ ഒരു മരണചോദനയിലേക്ക് നയിക്കുന്നു. “നാം

ചിന്തിക്കുന്നതും ജീവിക്കുന്നതും ഒരുപോലെയല്ല. മിക്കപ്പോഴും ഒരു മനുഷ്യൻ തന്നെപ്പറ്റി എന്തു വിചാരിക്കുന്നു അതിൽനിന്നും വളരെ വ്യത്യസ്തവും ചിലപ്പോൾ തികച്ചും വിരുദ്ധവുമായ ഒരു അവസ്ഥയിൽ ആയിരിക്കും അയാളുടെ ജീവിതം. മനുഷ്യരുടെ ഭൂരിഭാഗവും ഒരുതരം ആത്മ വഞ്ചനയിലാണ് ജീവിക്കുന്നത്" (എറിക്ഫ്രോം:2018:29). ആത്മഹത്യചെയ്യുന്നത് ഭീരുത്വം കൊണ്ടല്ല, ആ അവസ്ഥയിലേക്ക് ഒരു വ്യക്തി എത്തിച്ചേരുന്നതിൽ സമൂഹത്തിനും ഒട്ടും ചെറു തല്ലാത്ത പങ്കുണ്ട്. സമൂഹനിർണയങ്ങളെ അതേപടി അംഗീകരിക്കുന്നവർ പരമ്പരാഗതമായ എല്ലാറ്റിനെയും മുറുകെപ്പിടിച്ച് ഏതോ പുരാതനകാലത്തിൽ ജീവിച്ചുമരിക്കുന്നു. ഇതല്ലാതെ ചിലർ ഒഴുക്കിനെതിരെ നീന്തുന്നുണ്ട്, മറ്റുചിലർ കരപറ്റുന്നുണ്ട്, ചിലർ തളർന്നുതീരുന്നുണ്ട്. ഇനിയും ചിലർ അവസരത്തിനൊത്ത് നിലനിൽപ്പിനെ മുൻനിർത്തി മാറ്റങ്ങളെ സ്വീകരിക്കു കയോ തിരസ്കരിക്കുകയോ ചെയ്യുന്നു. നേവി ഉദ്യോഗസ്ഥരായ ചക്രവർത്തിയിൽനിന്നും ഒരു ഭാര്യ എന്നനിലയിലുള്ള യാതൊരു പരിഗണനയും ലഭിക്കാത്ത, തീർത്തും അവഗണിക്കപ്പെട്ട സ്ത്രീയാണ് നീരജ. ടാഗോറിന്റെ 'മാലഞ്ചോ' വിലെ ഭാഗ്യംകെട്ട നായികയുടെ പേരുമാത്രമല്ല അതേ ഭാഗ്യദോഷവും അവളെ പിന്തുടരുന്നുണ്ട്. മധ്യവയസ്സായ ഭർത്താവ് തികഞ്ഞ ഒരു മധ്യപാനിയുമാണ്. മോഹങ്ങളും സ്വപ്നങ്ങളും നിറഞ്ഞ നീരജയുടെ മനസ്സ് കാണാൻ പക്ഷേ അവളുടെ ഭർത്താവിന് സാധിക്കുന്നില്ല. എന്നിട്ടും അവൾ അമ്മയാകുന്നുണ്ട് എന്നത് ഒരുതരം ജീവിതയാന്ത്രികതയുടെ പ്രതിഫലനമായി മാത്രമേ വിലയിരുത്താൻ കഴിയൂ. "ജീവിക്കാനുള്ള പണമുണ്ടാക്കാൻവേണ്ടി പണിയെടുക്കുന്ന ബദ്ധപ്പാട് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത അവൾക്ക് എന്റെ ജോലിത്തിരക്കും സമയമില്ലായ്മയും എല്ലാം പുതുമയായിരുന്നു" (രാജലക്ഷ്മി:1998:21) എന്ന നിരീക്ഷണത്തിൽ ജീവിതത്തിന്റെ രണ്ടറ്റത്ത് സ്ഥിതിചെയ്യുകയും രണ്ടുതരം ലോകവീ ക്ഷണങ്ങളെ ഉള്ളിൽകരുതുകയും ചെയ്യുന്ന സ്ത്രീകളെയാണ് കഥ പ്രതീകവൽക്കരിക്കുന്നത്. വീട്ടുജോലികളിൽ സന്തോഷംകണ്ടെത്തുന്നവളാണ് വീട്ടമ്മ എന്ന ബോധ്യം പുരുഷനിർമ്മിതമാ ണ്. സ്വന്തം വ്യക്തിത്വത്തെ അടയാളപ്പെടുത്താൻ കഴിയാതെപോകുന്നവർ വീട്ടുജോലികളിൽ ആശ്വാസം കണ്ടെത്തുകയും അതിനെ മഹത്വവൽക്കരിക്കുകയും ചെയ്യുന്നു. പക്ഷേ, സ്വന്തം അധ്വാനം വഴി നിലനിൽപ്പിനെ സാധൂകരിക്കുന്നവരെ സംബന്ധിച്ച് പുറത്തെ വിശാലലോകം ആശ്വാസത്തോടൊപ്പം ആസ്വാദനവും അവർക്ക് പകരുന്നുണ്ട്. നീരജാചക്രവർത്തി വിരസമായ തന്റെ പകലുകളെ ജീവസ്സുറ്റതാക്കാൻ നീരജയുടെ വസ്ത്രങ്ങൾ തേച്ചുമടക്കുന്നുണ്ട്. ധനികനും പ്രതാപിയും മധ്യവയസ്കനുമായ ഭർത്താവിനോടൊത്തുള്ള ജീവിതം നീരജയ്ക്ക് സന്തോഷം പകരുന്നതായിരുന്നില്ലെന്ന് വ്യക്തം. എങ്കിലും, മനസ്സ് തുറക്കാൻ അവൾ തയ്യാറാകുന്നില്ല. പക്ഷേ, അവളുടെ പ്രകൃതത്തിൽനിന്നും അവളുടെ വിഷാദാത്മകത്തെ തിരിച്ചറിയാൻ ബുദ്ധി മുട്ടുണ്ടായിരുന്നില്ല. ജന്മവാസനകൾക്കനുസരിച്ച് ജീവിക്കുമ്പോൾ സമൂഹവുമായി നിരന്തരം സംഘർഷത്തിലേർപ്പെടേണ്ടിവരുന്നു. ഈ സംഘർഷം സമ്മർദ്ദത്തിലേയ്ക്കുനയിക്കുന്നു. കാ മനകളുടെ അടിച്ചമർത്തലുകൾ വിഷാദരോഗത്തിലേക്ക് നയിക്കുകയും ഒടുവിൽ ഒരു ആത്മ നാശത്തിലേക്ക് എത്തിക്കുകയുംചെയ്യുന്നു. ജീവിതത്തെ മുന്നോട്ടുനയിക്കുന്ന പ്രതീക്ഷകൾക്ക് മങ്ങലേൽക്കുമ്പോൾ, പൂർത്തീകരിക്കപ്പെടാതെപോകുന്ന പ്രണയം, കാമനകൾ എന്നിവ തുടർ ജീവിതത്തിലുണ്ടാക്കുന്ന ഒറ്റപ്പെടലുകളും ചേർന്ന് ആത്മഹത്യയിലേക്ക് നയിക്കാറുണ്ട്. ഒരു വ്യക്തി സ്വന്തം മനോനിലകളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്നിടത്ത് മൃത്യുബോധം ഉണർന്ന് പ്രവർത്തിക്കാൻ തുടങ്ങും. അത്തരത്തിൽ ഒരു വ്യക്തിയായിരുന്നു ചങ്ങമ്പുഴ.

 ISSN: 2582 - 2594

പക്ഷേ, നീരജ പ്രത്യക്ഷത്തിൽ ആത്മഹത്യചെയ്യുകയല്ല. തന്റെ ദേഹരക്ഷയും ആരോഗ്യ രക്ഷയുമുള്ള ഔഷധങ്ങളെ തിരസ്കരിച്ചുകൊണ്ട് മരണത്തെപ്രാപിക്കാൻ ഒരുങ്ങുകയായിരുന്നു. പക്ഷേ, അതുണ്ടാക്കിയത് മറ്റൊരു ദുരന്തമായിരുന്നു. പരോക്ഷമായി ഒരു കൊലപാതകം ചെയ്യു മട്ടിലേക്ക് ഇത് കാര്യങ്ങളെ കൊണ്ടെത്തിക്കുന്നുണ്ട്. നീരജയ്ക്ക് തന്റെ കുഞ്ഞിനെ നഷ്ടപ്പെടുന്നു. ഒടുവിൽ ഭർത്താവിനൊപ്പം യാത്രപറഞ്ഞിറങ്ങുമ്പോൾ ഇനിയൊരു കൂടിക്കാഴ്ചയുടെ സാധ്യ തയെ അത് മുന്നോട്ടുവയ്ക്കുന്നില്ല എന്നു വ്യക്തം. എന്നേക്കുമായുള്ള ഒരു വിടവാങ്ങലാണിത്. പൂർത്തീകരിക്കപ്പെടാത്ത മോഹങ്ങളെയും സ്വപ്നങ്ങളെയും ഉപേക്ഷിക്കുകയോ മറക്കാൻശ്ര മിക്കുകയോ ചെയ്ത് കഥാകാരിയുടെ അടുത്തുനിന്നും അവൾ യാത്രയാവുകയാണ്. "അവൾ കരയുന്നുണ്ടായിരുന്നില്ല. വല്ലാത്ത ഒരു വിളർച്ച മാത്രമായിരുന്നു മുഖത്ത്." "ചേച്ചീ, good -bye" എന്റെ മുഖത്തുനോക്കാതെ അവൾ പറഞ്ഞു. "You mean Au Revoir ". ഞാൻ പറഞ്ഞു. "അല്ല Good bye തന്നെയാണ് " (രാജലക്ഷ്മി:1998:23). നീരജയ്ക്ക് സ്നേഹിക്കാൻ അറിയാം. പക്ഷേ, ആ സ്നേഹത്തെ തിരിച്ചറിയാതെ പോകുന്ന അവസ്ഥയിൽ ജീവിതം ഒരു യാന്ത്രികതയിലേക്ക് ചേർത്തുകെട്ടുകയാണ് നീരജ. ജീവിതം ജീവിച്ചുതീർക്കേണ്ടതാണെങ്കിലും ജീവിക്കാൻ കൊ ള്ളാവുന്നതാണോ എന്ന തത്വചിന്തയെ കൂടി രാജലക്ഷ്മി തന്റെ കഥയിലൂടെ ഉന്നയിക്കുന്നുണ്ട്. മരണത്തിന്റെ പങ്ക് മരണം വഹിക്കട്ടെ എന്ന നിലപാടിൽ മരുന്നുകളെ ഉപേക്ഷിക്കുന്നതിലൂടെ ഒരുതരം ആത്മപീഡയ്ക്കാണ് അവർ സ്വയം വിധേയയാകുന്നത്. അതിന് ആത്മരതി എന്ന് ഫ്രോയിഡിന്റെ ഭാഷയിൽ പറയാൻകഴിയും. വേദനയെ ആസ്വാദ്യമാക്കുന്ന മാനസികാവസ്ഥ കളെ പ്രാപിക്കുന്ന വ്യക്തികളെ സംബന്ധിച്ച് ആത്മഹത്യയെക്കാൾ ആത്മപീഡയെ അവർ ആസ്വദിക്കുകയാണ്. നീരജ ഒറ്റയടിക്കുള്ള മരണത്തിനെയല്ല, പകരം ജീവിതത്തെ മെല്ലെ മെല്ലെ മുങ്ങിപ്പോകുന്ന ഒരു കപ്പലിനെയെന്നോണം കാണുകയാണ്. അതിൽ ഒരാസ്വാദന തലത്തെയും കണ്ടെത്താൻ കഴിയും. പ്രകടിപ്പിക്കാൻ കഴിയാതെപോകുന്ന ചില വൈകാരി കതകളെ പ്രകടിപ്പിക്കുന്നത് സ്വയം വേദനിപ്പിച്ചുകൊണ്ടോ സ്വയം ഇല്ലായ്മ ചെയ്തുകൊണ്ടോ ആയിരിക്കും, അത്തരത്തിലുള്ള ഒരു കഥാപാത്രമാണ് നീരജ. മാത്രമല്ല, തന്റെ ജീവിതത്തെ വിരസമാക്കിത്തീർത്ത ലോകത്തേക്ക് ഇനി തന്റെ കുഞ്ഞിനെയും വരുത്തേണ്ടതില്ല എന്നുകൂടി അവൾ ചിന്തിക്കുന്നുണ്ട്. അതുകൊണ്ടാണ് "ഒരാളായിട്ട് പോകുമെന്ന് ഞാൻ കരുതിയില്ല ചേച്ചി. രണ്ടുപേർക്കുംകൂടി ഒന്നിച്ചുപോകാമെന്ന് ഞാൻ വിചാരിച്ചതാണ് " (രാജലക്ഷ്മി:1998:22) എന്ന് നീരജപറയുന്നത്. പക്ഷേ, അവൾ മരിച്ചില്ല. അതിന്റെ നിരാശയും കുഞ്ഞിന്റെ നഷ്ടം എന്ന തീരാസങ്കടവും പേറി അവൾ മരണതുല്യം പിന്നെയും ജീവിക്കേണ്ടിവരുന്നു. അതും ഒരുതരത്തിൽ മരണം തന്നെയാണ്. മരവിച്ച മനസ്സോടെ യാത്രപറഞ്ഞിറങ്ങുമ്പോൾ അവളുടെ കണ്ണുകളിൽ നിഴലിച്ചതത്രയും ശൂന്യത മാത്രമായിരുന്നു. ആ ശൂന്യത മരണത്തെ ആശ്ലേഷി ക്കാനുള്ള ഒരു ത്വരയായി നാളെ മാറിയേക്കാം. നാളെ ഒരിക്കൽ മരണത്തിലൂടെ അതിനൊരു പര്യവസാനം കണ്ടെത്തുവാനുള്ള സാധ്യതയെയും നീരജയുടെ ജീവിതം മുന്നോട്ടുവയ്ക്കുന്നുണ്ട്.

'മാപ്പ്' എന്ന കഥയിലെ അധ്യാപികയായ രമയും ജീവിതസംഘർഷങ്ങളുടെ നൂൽപ്പാല മേറി സഞ്ചരിക്കുകയാണ്. ക്ലാസ്സിൽ ഏറ്റവും വെറുക്കപ്പെട്ട സർവ്വനാമ ശബ്ദം ഏതെന്ന ചോ ദ്യത്തിന് 'അവൾ' എന്ന് പറഞ്ഞ പോൾവർഗീസ് എന്ന മിടുക്കനായ വിദ്യാർത്ഥി നേതാവി ന്റെ ജീവിതം മാറിമറിയുന്നതിന് താൻ കാരണക്കാരിയായി എന്ന കുറ്റബോധം രമടീച്ചറെ

ഗ്രസിക്കുന്നുണ്ട്. ഈ കഥയും രാജലക്ഷ്മി തന്റെ ജീവിതാനുഭവത്തിൽനിന്നും പകർത്തിയതാണെന്നുവേണം കരുതാൻ. 'അവൾ' എന്നത് അത്രമേൽ വെറുക്കപ്പെട്ട സർവ്വനാമമാണെന്ന് പോൾവർഗീസിന്റെ കാഴ്ചപ്പാട് അവന്റെ ജീവിതാനുഭവങ്ങളിൽനിന്ന് രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. അതിനെ അംഗീകരിക്കാനുള്ള വിശാലമനസ്സിലേക്ക് രമ എന്ന അധ്യാപിക എത്തിച്ചേർന്നിട്ടില്ല. ഒരു വിദ്യാർത്ഥി തന്റെ അഭിപ്രായം തുറന്നുപറയുമ്പോൾ തകർന്നുപോകുന്നവരല്ല യഥാർത്ഥ അധ്യാപകർ. പക്ഷേ ഇവിടെ 'ഞാൻ' എന്ന പദത്തിനോടുള്ള സ്നേഹം (രാജലക്ഷ്മി:1998:27), അതാണ് രമടീച്ചറുടെ ചിന്തകളെ വഴിതിരിച്ചുവിട്ടതും അത്രമേൽ തീവ്രവൈകാരികതയോടെ പ്രതികരിച്ചതും. "ആത്മരതിക്ക് വിധേയനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം പരിഗണനാർഹമായ ഒരു യാഥാർത്ഥ്യമേ നിലനിൽക്കുന്നുള്ളൂ താൻമാത്രം. തന്റെ വികാരങ്ങൾ, ചിന്തകൾ, ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ, ശരീരം, കുടുംബം, അങ്ങനെ തന്നെ സംബന്ധിച്ചവമാത്രം ഒരു ആത്മരതികാരനെ അവൻ ചിന്തിക്കുന്നത് മാത്രമാണ് ശരി" (എറിക് ഫ്രോം: 2018:48). ഒരു വലിയ "ഞാൻ" മുമ്പിൽ ഉണ്ടായതാണ് തന്റെ കുഴപ്പമെന്ന രമടീച്ചറുടെ ചിന്തയെ രാജലക്ഷ്മിയുടെ ചിന്തകളിലേക്ക് ചേർത്തുകെട്ടുമ്പോൾ ഏറെ അർത്ഥവത്താണെന്ന് കാണാം. രാജലക്ഷ്മിയുടെ വ്യക്തിത്വവും രമടീച്ചറുടെ വ്യക്തിത്വവും ജീവിതവീക്ഷണത്തിന്റെ ഒരു നിശ്ചിതപരിധിയിൽ വച്ച് സമരസപ്പെടുന്നത് കാണാം. "താൻ ജീവിതം എന്ന് വിളിക്കുന്ന ഇതിന്റെ പൊള്ളത്തരം ഒരു നിർദ്ദയമായ വെളിച്ചത്തിന്റെ പ്രഭയിൽ ആവരണമൊക്കെ നീങ്ങി ആ ഒരു നിമിഷത്തിൽ വ്യക്തമായി കണ്ടു എന്നോ?" (രാജലക്ഷ്മി: 1998:26). ഉള്ളിലുറങ്ങുന്ന ആത്മനിന്ദ മറനീക്കി പുറത്തുവരികയും അതിലൂടെ രൂപപ്പെട്ടുവരുന്ന നിരാശാബോധവുമാണ് പോൾവർഗീസ് എന്ന വിദ്യാർത്ഥിക്ക് വിനയായത്. 'അവൾ' എന്നത് അത്രമാത്രം വെറുക്കപ്പെട്ട ഒന്നാണെന്ന ബോധ്യത്തെയും വഹിച്ച് ഈ ലോകം അവൾക്ക് ജീവിക്കാൻ പറ്റിയതല്ലെന്ന കാഴ്ചപ്പാടിൽ ജീവിക്കുന്ന രമടീച്ചറുടെ മനസ്സിൽ പോൾ എന്ന വിദ്യാർത്ഥിയുടെ മറുപടി ഉണ്ടാക്കിയ മുറിവിന്റെ ആഴം ഒറ്റനോട്ടത്തിൽ അറിയാൻ കഴിയില്ല. ജീവിതാനുഭവങ്ങളുടെ വ്യത്യസ്തങ്ങളായ അവസ്ഥാന്തരങ്ങൾ നൽകുന്ന വേദനയുടെയും ഒറ്റപ്പെടലിന്റെയും അർത്ഥരാഹിത്യത്തിന്റെയും നേർചിത്രങ്ങൾ മനസ്സിൽ പേറുന്നതുകൊണ്ടാണ് "ഇന്നലെകളുടെ വേദന ഇന്നിന്റെ വ്യർത്ഥത നാളെകളുടെ അർത്ഥശൂന്യത" (രാജലക്ഷ്മി:1998:26) എന്നിങ്ങനെയെല്ലാം ചിന്തിക്കാൻ കഴിയുന്നത്. പഠിക്കാൻ മിടുക്കനായ വിദ്യാർഥി തന്റെ 'ഞാനെന്ന ഭാവത്തിന്' ഇരയാക്കപ്പെട്ടതിന്റെ സങ്കടംപേറിയാണ് ഒടുവിൽ രമടീച്ചർ അവന്റെ കുടുംബപശ്ചാത്തലത്തെക്കുറിച്ച് അറിയുന്നത്. കുടുംബം, മാതാപിതാക്കൾ, ബന്ധങ്ങൾ, സമൂഹം ഇതെല്ലാം ഒരു വ്യക്തിയെ നിർമ്മിക്കുന്നതിൽ അടിസ്ഥാന പങ്കുവഹിക്കുന്ന ഘടകങ്ങളാണ്. കഥയിൽ പോൾവർഗീസിന്റെ മാതാപിതാക്കൾ പിരിഞ്ഞുതാമസിക്കുന്നവരാണ്. എന്നോ അകന്നുപോയ അമ്മയോടുള്ള സ്നേഹം പിന്നീട് വെറുപ്പായി രൂപാന്തരം പ്രാപിച്ചതിന്റെ ഫലമായിട്ടാവണം ഏറ്റവും വെറുക്കപ്പെട്ട സർവ്വനാമം 'she' ആണെന്നു പറഞ്ഞത്. അമ്മയെന്ന ബിംബം അവനിൽ ഉണ്ടാക്കിയ ആഘാതത്തിന്റെ ബാക്കിപത്രമാണ് അവന്റെ നിരീക്ഷണം. അവനെ സംബന്ധിച്ച് അമ്മ സ്വന്തം ജീവിതത്തെ തേടിപ്പോയ ഒരുവളാണ്. തന്റെ മകനെ വേണ്ടവിധം പരിഗണിക്കാത്തവളാണ്. ആ അനുഭവപരിസരത്തിൽ നിന്നുകൊണ്ടാണ് പോൾ 'she'യെ വിലയിരുത്തുന്നത്. ഒടുവിൽ പോൾ നൽകിയ 'പുഷ്കിന്റെ' കവിതാസമാഹാരത്തിൽ "ഞാൻ മുട്ടുകുത്താൻ വന്നപ്പോൾ അങ്ങ് വാതിലടച്ചുകളഞ്ഞു" എന്ന വാചകം വായിക്കുമ്പോൾ രമടീച്ചറുടെ ജീവിതത്തിൽ മറക്കാനാവാത്ത


ISSN: 2582 - 2594

ഒരു സംഭവമെന്നനിലയിലല്ല പോൾ എന്ന വിദ്യാർത്ഥി നിലനിൽക്കുക, മറിച്ച് നിരന്തരം വേദനിപ്പിക്കുന്ന ഒരു മനോദുഃഖം എന്നനിലയിൽ നിരന്തരം അലട്ടുന്ന ഒന്നായി ആ വിദ്യാർത്ഥി മാറുന്നു. ഒരുതരത്തിലുള്ള ആത്മപീഡയുടെ സാധ്യതകളെ കഥ മുന്നോട്ടുവെക്കുന്നുണ്ട്. ജീവിതം ജീവിച്ചുതീർക്കാനുള്ളതാണെങ്കിൽ ഇത്തരത്തിലുള്ള വേദനകളെയും അകമ്പടിയായി കൊണ്ടുപോകേണ്ടിവരുന്ന എന്ന ബോധ്യം ജീവിതത്തെ ദുരിതപൂർണമാക്കുന്നു. ഇത് ഈ ലോകത്തുനിന്നുതന്നെ പിരിഞ്ഞുപോകേണ്ട അവസ്ഥാവിശേഷത്തിലേക്ക് മനസ്സിനെ നയിക്കുന്നു. നിരന്തര ഹൃദയസംവാദങ്ങൾക്കൊടുവിൽ പരോക്ഷമായ ഒരു ആത്മഹത്യയെ കഥ ഉൾവഹിക്കുന്നുണ്ട്.

## ഉപസംഹാരം

കാലഘട്ടത്തെ മറികടക്കുന്ന ആശയങ്ങൾകൊണ്ടും ജീവിതതത്വങ്ങൾകൊണ്ടും സ്വതന്ത്രമായ കാഴ്ചപ്പാടുകൾകൊണ്ടും സാഹിത്യത്തിൽ വ്യത്യസ്തമായ ദർശനങ്ങളെ മുന്നോട്ടുവെച്ച എഴുത്തുകാരിയാണ് രാജലക്ഷ്മി. ജീവിതവഴികളിൽ ഒറ്റപ്പെട്ടുപോകുന്ന കഥാപാത്രങ്ങളുടെ വിഷാദാത്മകതയും രാജലക്ഷ്മി തന്റെ കഥകളിൽ വിഷയവത്കരിച്ചിരിക്കുന്നു. 'ആത്മഹത്യ' എന്ന കഥയിലെ നീരജ തന്റെ ജീവരക്ഷയ്ക്കും ദേഹരക്ഷയ്ക്കുമുള്ള ഔഷധങ്ങളെ തിരസ്കരിച്ചുകൊണ്ടാണ് ആത്മഹത്യയിലേക്കുള്ള വഴിതേടുന്നത്. ഭർത്താവിനാൽ അവഗണിക്കപ്പെട്ട സ്ത്രീയുടെ നിസ്സഹായാവസ്ഥയുടെ പ്രതിഫലനമാണ് നീരജയുടെ ആത്മഹത്യാചിന്ത. "മാപ്പ്" എന്ന കഥയിലെ രമടീച്ചർ ജീവിതസംഘർഷങ്ങളുടെ നൂൽപ്പാലമേറി സഞ്ചരിക്കുന്ന സ്ത്രീയാണ്. ഒരുതരത്തിലുള്ള ആത്മപീഡയാണ് ഈ കഥയിലൂടെ മുന്നോട്ടുവയ്ക്കുന്നത് ജീവിതം ജീവിച്ചുതീർക്കുന്നതിന് വേദനകളെയും അകമ്പടിയായി കൊണ്ടുപോകേണ്ടിവരുന്ന എന്ന അവസ്ഥ ഈ ലോകത്തുതന്നെ പോകേണ്ട അവസ്ഥാവിശേഷത്തിലേക്ക് മനസ്സിനെ നയിക്കുകയും നിരന്തര ഹൃദയസംവാദങ്ങൾക്കൊടുവിൽ പരോക്ഷമായ ഒരു ആത്മഹത്യയെയാണ് ഈ കഥയും ഉൾവഹിക്കുന്നത്.

## ഗ്രന്ഥസൂചി


എറിക്ക് ഫ്രോം, 2018, ഫ്രോയ്ഡിയൻചിന്ത സാധ്യതയും പരിമിതിയും, വിവ. പ്രൊഫ. പി. വിജയൻ പ്രോഗ്രസ് ബുക്സ്, കോഴിക്കോട്

ശബരി കെ. അയ്യപ്പൻ, 2013, കുമാരനാശാൻ രാജലക്ഷ്മി ഒരു പുനർവായന, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്

സിഗ്മൺ ഫ്രോയിഡ്, 2014, മാനസികാപഗ്രഥനത്തിന് ഒരു മുഖവുര, പരി. ഡോ. എ രാജഗോപാൽ കമ്മത്ത്, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്

സെബാസ്റ്റ്യൻ വട്ടമറ്റം, 2015 സിഗ്മണ്ട് ഫ്രോയിഡ് (പഠനം), സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം

രാജലക്ഷ്മി, 1998, രാജലക്ഷ്മിയുടെ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.